DESPATCHED
On 11/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി.2719 (3)/2019/എസ്.ഐ.സി

(ഫയൽ നം. 3647/എസ്.ഐ.സി - ജി1/2019)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 06/01/2023

ശ്രീ. ശാമുവേൽ ,
മനക്കൽ വീട്,
വെൺമണി പി.ഒ,
ചെങ്ങന്നൂർ, ആലപ്പുഴ. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി
വെൺമണി ഗ്രാമ പഞ്ചായത്ത്,
വെൺമണി പി.ഒ,
ആലപ്പുഴ
2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
ആലപ്പുഴ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | **19.09.2018** |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 26.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | **02.11.2018** |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.12.2018 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | **02.03.2019** |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | **07.03.2019** |

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ വെൺമണി ഗ്രാമ പഞ്ചായത്ത് എസ്.പി.ഐ.ഒ ക്ക് 19.09.2018 ന് മനക്കൽ വീട് ശ്രീ.എം.കെ ശാമുവേൽ സമർപ്പിച്ച വിവരാവകാശ അപേക്ഷക്കും

ടിയാൻ 02.11.2028 ന് സമർപ്പിച്ച ഒന്നാം അപ്പീൽ ഹർജിക്കും തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്ന പരാതിയാണ് ഈ രണ്ടാം അപ്പീൽ ഹർജിക്കാധാരം. 02.03.2019 നും 05.05.2019 നും ശ്രീ. എം. കെ ശാമുവേൽ ഈ കമ്മീഷൻ മുമ്പാകെ അപ്പീൽ ഹർജികൾ സമർപ്പിച്ചു. അതേ തുടർന്ന് കമ്മീഷൻ വെൺമണി ഗ്രാമ പഞ്ചായത്തിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു.

2. 08.11.2022 ൽ വെൺമണി ഗ്രാമ പഞ്ചായത്ത് എസ്.പി.ഐ.ഒ ശ്രീ ജോസഫ് ചാക്കോ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചു. 30.12.2022 ൽ ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ കമ്മീഷൻ ഈ അപ്പീൽ ഹർജി പരിഗണിക്കുകയും ഇപ്പോഴത്തെ എസ്.പി.ഐ.ഒ പങ്കെടുക്കുകയും ചെയ്തിരുന്നു. കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് ശ്രീ.എം.കെ.ശാമുവേലിന് വിവരം നൽകിയതായി മനസ്സിലാവുന്നു. ഒന്നാം അപ്പീൽ നൽകിയ സമയത്ത് ഒന്നാം അപ്പീലിന്മേൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് 12.12.2018 ൽ വ്യക്തമായ മറുപടി നൽകണമെന്ന് നിർദ്ദേശിച്ച സമയത്തും ഇതിൻമേൽ എസ്.പി.ഐ.ഒ വ്യക്തമായ മറുപടി നൽകിയതായി കാണുന്നില്ല. "അപ്പീൽ വാദി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടി അപ്പീൽ വാദിക്ക് നൽകുന്നതിന് വെൺമണി ഗ്രാമ പഞ്ചായത്ത് എസ്.പി.ഐ.ഒ യോട് നിർദ്ദേശിക്കുന്നു. ഉത്തരവ് കൈപ്പറ്റി പത്തു ദിവസത്തിനകം ആയത് നടപ്പിൽ വരുത്തി വിവരം അറിയിക്കേണ്ടതാണ്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി നൽകുമ്പോൾ നിയമം അനുശാസിക്കുന്ന വിധം പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരിലാണ് മറുപടി നൽകേണ്ടത് എന്നും മറുപടിയിൽ അപ്പീൽ അധികാരിയുടെ മേൽ വിലാസവും അപ്പീൽ കാലാവധിയും വ്യക്തമാക്കേണ്ടതാണെന്നും എസ്.പി.ഐ.ഒ യെ ഓർമ്മപ്പെടുത്തുന്നു" എന്നിങ്ങനെയാണ് ഒന്നാം അപ്പീൽ അധികാരി ഒന്നാം അപ്പീൽ തീർപ്പാക്കിക്കൊണ്ട് ഉത്തരവായത്. എന്നാൽ ആ കാലത്ത് അപ്പീൽ ഹർജിക്കാരന് വിവരങ്ങൾ നൽകുന്നതിൽ ബന്ധപ്പെട്ട എസ്.പി.ഐ.ഒ വീഴ്ച വരുത്തുകയാണ് ഉണ്ടായത്. റിപ്പോർട്ട് കാലയളവിലെ എസ്.പി.ഐ.ഒ നൽകിയ മറുപടി അവ്യക്തമായിരുന്നു. എന്നാൽ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് അപേക്ഷകന് എല്ലാ വിവരങ്ങളും ലഭ്യമാക്കിയിട്ടുള്ളതായി ബോധ്യപ്പെടുന്ന

തിനാൽ  കമ്മീഷൻ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2023, ജനുവരി മാസം 06-ാം തീയതി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

pm